## ഇടുക്കി പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : എസ്. സുരേന്ദ്രൻ നായർ)

വിഷയം:- ജീവനക്കാര്യം – പഞ്ചായത്ത് വകുപ്പ് – സീനയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ – ടെസ്റ്റ് യോഗ്യത നേടാത്ത ക്ലാർക്കുമാർക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയത് ജില്ലാതല അലോട്ട്മെന്റ് – നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:-
1. 04.04.2007 ലെ ജി.ഒ(എം.എസ്) 105/2007/തസ്വഭവ നമ്പർ ഉത്തരവ്.
2. 03.03.08 ലെ ജി.ഒ(എം.എസ്) 54/2008/തസ്വഭവ നമ്പർ ഉത്തരവ്.
3. പഞ്ചായത്ത് ഡയറക്ടറുടെ 12.06.2013 ലെ എസ്1-14908/13 നമ്പർ ഉത്തരവ്.
4. ബഹു: പഞ്ചായത്ത് ഡയറക്ടറുടെ 06.11.2013 ലെ ഇ4-04/2012 നമ്പർ ഉത്തരവ്.
5. ബഹു: പഞ്ചായത്ത് ഡയറക്റ്ടറുടെ 13.12.2013 ലെ ഇ4/04/2012(1) നമ്പർ ഉത്തരവ്.
6. ബഹു: പഞ്ചായത്ത് ഡയറക്റ്ടറുടെ 13.12.2013 ലെ ഇ4/04/2012(2) നമ്പർ ഉത്തരവ്.
7. ഈ ആഫീസിലെ 12.11.2013 ലെ എ2/8249/12 നമ്പർ ഉത്തരവ്.

ഉത്തരവ് നമ്പർ: എ2-8249/12. (2)      തീയതി : 21.12.2013

പരാമർശം (5) പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റത്തിന് നിശ്ചിത യോഗ്യത നേടിയവരുടെ അഭാവത്തിൽ ടെസ്റ്റ് യോഗ്യത നേടുന്ന ക്ലാർക്കുമാർ ലഭ്യമാകുന്ന മുറയ്ക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം ലഭിച്ചവരെ തരംതാഴ്ത്തുന്നതാണെന്ന നിബന്ധനയ്ക്ക് വിധേയമായി ഒരു stop gap arrangement മാത്രം എന്ന നിലയിൽ KS & SSR ഭാഗം 2 ചട്ടം 31 (എ) (i) പ്രകാരം ടെസ്റ്റ് യോഗ്യതയില്ലാത്ത കോളം 1 ൽ പരാമർശിച്ചിട്ടുള്ള ക്ലാർക്കുമാരെ കോളം 2 ൽ പരാമർശിച്ചിട്ടുള്ള പഞ്ചായത്തുകളിലേയ്ക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി താല്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | കോളം 1 | കോളം 2 | റിമാർക്സ് |
|---|---|---|---|
| 1. | അഷീഷ്.ബി, വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത്. | വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് | അലോട്ട്മെന്റ് |

| | | | |
|---|---|---|---|
| 2. | ആഷ.എസ്.ആർ, മെഴുവേലി ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട | കൊക്കയാർ ഗ്രാമ പഞ്ചായത്ത് | അലോട്ട്മെന്റ് |
| 3. | റെജിമോൻ.റ്റി, പായിപ്പാട്ട് ഗ്രാമ പഞ്ചായത്ത്, കോട്ടയം | സേനാപതി ഗ്രാമ പഞ്ചായത്ത് | അലോട്ട്മെന്റ് |
| 4. | പ്രമീള സ്റ്റാൻലി, കുമളി ഗ്രാമ പഞ്ചായത്ത്, ഇടുക്കി | പീരുമേട് ഗ്രാമ പഞ്ചായത്ത് | അലോട്ട്മെന്റ് |

പഞ്ചായത്ത് വകുപ്പിലെ ക്ലാർക്ക് നിയമനം ജില്ലാ അടിസ്ഥാനത്തിലും, സീനിയർ ക്ലാർക്കുമാരുടെ നിയമനം സംസ്ഥാന അടിസ്ഥാനത്തിലുമാകയാൽ ടെസ്റ്റ് യോഗ്യത നേടി സ്ഥാനക്കയറ്റത്തിന് അർഹത നേടുന്ന ക്ലാർക്കുമാർ ഏത് ജില്ലയിൽ നിന്നാണോ ലഭ്യമാക്കുന്നത് പ്രസ്തുത ജില്ലയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച ജൂനിയർമാരായ സിനിയർ ക്ലാർക്കുമാരെ തരംതാഴ്ത്തുകയും ചെയ്യുന്നതാണ്. ഇപ്രകാരം താത്ക്കാലിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ, ഭാവിയിൽ ടെസ്റ്റ് യോഗ്യത നേടി പ്രൊബേഷൻ പൂർത്തീകരിച്ച് പ്രസ്തുത വിവരം ഉചിത മാർഗ്ഗേണ അറിയിയ്ക്കുന്ന പക്ഷം അവർക്ക് ലഭിച്ച താത്ക്കാലിക സ്ഥാനക്കയറ്റം ടെസ്റ്റ് യോഗ്യത നേടിയ തീയതി പ്രാബല്യത്തിൽ ക്രമവത്കരിച്ച് ലഭിക്കാൻ അർഹതയുള്ളതായിരിക്കും.

ടി ഉത്തരവിലൂടെ താല്ക്കാലിക സ്ഥാനക്കയറ്റം നേടിയ ജീവനക്കാർ, അവർക്ക് ലഭിച്ച ഉദ്യോഗക്കയറ്റം പരിത്യജിക്കുകയാണെങ്കിൽ അപ്രകാരമുള്ള അപേക്ഷകൾ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ 26.02.11 ലെ ജിഒ(പി)85/2011/ഫിൻ നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്യും പ്രകാരം ശമ്പള നിർണ്ണയത്തിനുള്ള ഓപ്ഷൻ ഉദ്യോഗക്കയറ്റം സ്വീകരിച്ച് ഒരു മാസത്തിനകം ബന്ധപ്പെട്ട ഓഫീസ് മേധാവിയ്ക്ക് മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് താത്ക്കാലിക സ്ഥാനക്കയറ്റം ലഭിച്ചവർ അടിയന്തിരമായി ജോലിയിൽ പ്രവേശിക്കേണ്ടതും, ടിയാളുകൾ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ ആഫീസിൽ യഥാസമയം അറിയിക്കേണ്ടതാണ്. ഈ ഉത്തരവ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റായ

www.lsgkerala.gov.in ൽ നിന്നും ഡൗൺലോഡ് ചെയ്ത് ഇതുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
എസ്. സുരേന്ദ്രൻ നായർ
പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, ഇടുക്കി

പകർപ്പ്:-

1. വ്യക്തികൾക്ക് (ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ (ആമുഖ കത്ത് സഹിതം)
3. സെക്രട്ടറി, വാഴത്തോപ്പ്/കൊക്കയാർ/സേനാപതി/പീരുമേട്/വെള്ളിയാമറ്റം/കുമളി ഗ്രാമ പഞ്ചായത്ത്.
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, (പത്തനംതിട്ട, കോട്ടയം)
5. കരുതൽ.

ആജ്ഞാനുസരണം,

സൂപ്രണ്ട്.